## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3869** **21.10.2016 ൽ മറുപടിയ്ക്ക്**

### "വിഷരഹിത പച്ചക്കറി കൃഷിയുടെ വ്യാപനം "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി കൃഷിയുടെ വ്യാപനത്തിനായി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് ജൈവകൃഷി നയത്തിന്റെ ഭാഗമായി ഘട്ടം ഘട്ടമായി ജൈവകൃഷി വ്യാപനം നടത്തിവരുന്നു. 14 ഓളം മാരക രാസ കീടനാശിനികൾ സംസ്ഥാനത്ത് നിരോധി ച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലൂടെ ജൈവകൃഷി വ്യാപനത്തിനായി നല്ല കൃഷി മുറകൾ പാലിച്ച് കൊണ്ടുള്ള ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം മുൻനിർത്തി എല്ലാ ജില്ലകളിലും ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ജൈവസന്ദേശ കൃഷിയാത്ര കൾ നടത്തുകയും വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും ജൈവകൃഷിയുടെ പരിശീലന ത്തിനായി ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്. ക്ലസ്റ്ററുകളിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിഗ് ഉൾപ്പെടെ വില്പന നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലങ്ങൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നു. കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉത്പാദിപ്പിക്കുന്നതിന് ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. പഴം പച്ചക്കറികളിലെ വിഷാംശ പരിശോധനയ്ക്കായി വെള്ളായണി കാർഷിക കോളേജിൽ സ്ഥാപിച്ചിട്ടുള്ള അന്താരാഷ്ട്ര നിലവാരമുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിലെ പരിശോധനാ ഫലങ്ങൾ പരസ്യപ്പെടുത്താറുണ്ട്. ഇതിനു പുറമേ കേന്ദ്ര പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജനയിൽ കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും ഏർപ്പെടുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തിന്റെ മൊത്തം ആവശ്യത്തിന്റെ എത്ര ശതമാനം പച്ചക്കറിയാണ് ഇപ്പോൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്; | (ബി) യും (സി) യും | സംസ്ഥാനത്ത് ഒരു വർഷത്തേക്ക് ആവശ്യമുള്ള 20 ലക്ഷം ടൺ പച്ചക്കറികളുടെ 31.4% (6.28 ലക്ഷം ടൺ) ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നുണ്ട്. ബാക്കി ആവശ്യമുള്ള 13.72 ലക്ഷം ടൺ പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുമെന്ന് കണക്കാക്കപ്പെടുന്നു. |
| (സി) | ദിനംപ്രതി ശരാശരി എത്ര ടൺ പച്ചക്കറികളാണ് ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്നത്; വിശദാംശങ്ങൾ നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**